# വിഹിതമടയ്ക്കാൻ വൈകിയെന്ന ഒറ്റ കാരണത്താൽ ഡാമേജസ് ചുമത്താനാവില്ല

## മദ്രാസ് ഹൈക്കോടതി

W.A. No. 516/2012 Dt. 16.12.2019

അരിയക്കുടി പ്രൈമറി അഗ്രിക്കൾച്ചറൽ
കോ-ഓപ്പറേറ്റീവ് ബേങ്ക്
x
എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ

കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കേണ്ടിവന്ന സ്ഥാപനം കൃത്യ സമയത്ത് വിഹിതമടക്കുന്നതിൽ വീഴ്ച വരുത്തി. സാമ്പത്തിക പ്രതിസന്ധിക്കിടയിൽ വൈകിയാണെങ്കിലും കുടിശിക മുഴുവൻ അടച്ചുതീർക്കാൻ സ്ഥാപനം കിണഞ്ഞു പരിശ്രമിച്ചു. മനഃപൂർവ്വം കാലതാമസം വരുത്തുന്നതിന് സ്ഥാപനത്തിന് യാതൊരു ദുരുദ്ദേശ്യവുമുണ്ടായിരുന്നില്ല. ഇതര സ്രോതസ്സുകളിൽ നിന്ന് പണം സ്വരൂപിച്ചാണ് സ്ഥാപനം കുടിശിക മുഴുവൻ അടച്ചു തീർത്തത്. കുടിശിക മുഴുവൻ അടച്ചുതീർന്നപ്പോൾ ഡാമേജസ് ചുമത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഇ.പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന് നോട്ടീസയച്ചു. കാലതാമസം വരാനുണ്ടായ കാരണം വ്യക്തമാക്കിക്കൊണ്ട് തൊഴിലുടമ മറുപടി അയച്ചെങ്കിലും അത് തീർത്തും അവഗണിച്ച ഇ.പി.എഫ്. കമ്മീഷണർ ഭീമമായ തുക ഡാമേജസ് ചുമത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഡാമേജസ് ചുമത്തിയതിന്റെ കാരണമൊന്നും ഉത്തരവിൽ വ്യക്തമാക്കിയില്ല. പ്രസ്തുത ഉത്തരവിനെതിരെ സ്ഥാപനം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരുന്നതിനാലാണ് വിഹിതമടയ്ക്കാൻ വൈകിയതെന്നും അത് മനഃപൂർവ്വമല്ലെന്നും സ്ഥാപനത്തിന്റെ നിയന്ത്രണത്തിനധീനമല്ലാത്ത സാഹചര്യമാണ് അതിന് കാരണമെന്നും സ്ഥാപനം വാദിച്ചെങ്കിലും ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് ശരിവച്ച അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപനത്തിന്റെ അപ്പീൽ തള്ളിക്കളഞ്ഞു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയാൽ ഡാമേജസ് അടയ്ക്കാൻ സ്ഥാപനം ബാധ്യസ്ഥമാണെന്ന് വിലയിരുത്തിയ സിംഗിൾ ബഞ്ച് ഇ.പി.എഫ്. അപ്പലേറ്റ് ട്രൈബ്യൂണലിന്റേയും ഇ.പി.എഫ്. കമ്മീഷണറുടെയും ഉത്തരവുകൾ ശരിവയ്ക്കുകയും സ്ഥാപനത്തിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു. തുടർന്ന് മേനേജ്മെന്റ് ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. വിഹിതമടയ്ക്കാൻ കാലതാമസം വരുത്തി എന്ന ഒറ്റ കാരണത്താൽ ഡാമേജസ് ചുമത്താനാവില്ലെന്ന് ഡിവിഷൻ ബഞ്ച് ചൂണ്ടിക്കാട്ടി. ദുരുദ്ദേശ്യത്തോടെ മനഃപൂർവ്വം കാലതാമസം വരുത്തി എന്ന് തെളിഞ്ഞാൽ മാത്രമേ ഡാമേജസ് ചുമത്താൻ പാടുള്ളൂവെന്ന് ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. സിംഗിൾ ബഞ്ചും കീഴ് അധികാരികളും ഇക്കാര്യം മനസ്സിരുത്തി പരിഗണിച്ചിട്ടില്ലെന്ന് ഡിവിഷൻ ബഞ്ച് വിലയിരുത്തി. കുടിശിക അടയ്ക്കാൻ കാലതാമസം വന്നത് ഏത് സാഹചര്യത്തിലാണെന്ന് വിശകലനം ചെയ്യുകപോലും ചെയ്യാതെ യാന്ത്രികമായി ഡാമേജസ് ചുമത്തിയത് നിയമവിരുദ്ധവും അന്യായവുമാണെന്നു കണ്ട ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധിയും കീഴ് അധികാരികളുടെ ഉത്തരവുകളും റദ്ദാക്കുകയും സ്ഥാപനത്തിന്റെ അപ്പീൽ അനുവദിക്കുകയും ചെയ്തു.